# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 292. 21-12-2012-ൽ മറുപടിക്ക്

### നഗരങ്ങളിൽ ബഹുനിലകെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ അവയുടെ വിശദാംശങ്ങൾ പരസ്യപ്പെടുത്തുന്നതിനുള്ള നടപടി

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത്:<br>ശ്രീ. വി.ഡി. സതീശൻ:<br>ശ്രീ. ഹൈബി ഈഡൻ:<br>ശ്രീ. പി.എ. മാധവൻ: | | | **ശ്രീ. മഞ്ഞളാംകുഴി അലി,**<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
| എ) | നഗരങ്ങളിൽ ബഹുനില കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ അവയുടെ വിശദാംശങ്ങൾ പരസ്യപ്പെടുത്തുന്നതിന് ഉത്തരവിറക്കിയിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | ബി) | കെട്ടിടങ്ങളുടെ പരസ്യങ്ങളിൽ, കെട്ടിടവുമായി ബന്ധപ്പെട്ട പ്രധാന വിവരങ്ങൾ ഉൾപ്പെടുത്തുക വഴി ടി നിർമ്മാണത്തെക്കുറിച്ച് കൂടുതൽ ധാരണ ഉണ്ടാക്കുന്നതിനും, സുതാര്യത കൂട്ടുന്നതിനും ഉപകരിക്കുമെന്നതിനാലാണ് കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 20-ൽ ഇതു സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടുത്തിയിരിക്കുന്നത്. കൂടാതെ ഹൈറൈസ് കെട്ടിടങ്ങളുടെ സുരക്ഷാ വ്യവസ്ഥകൾ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അദ്ധ്യായം XVII ൽ പ്രതിപാദിക്കുന്നുണ്ട്. നിർമ്മാണം നടക്കുന്ന കാലയളവു മുഴുവൻ സൈറ്റിന്റെ പ്രവേശന ഭാഗത്തിനടുത്ത് നിർമ്മാണം സംബന്ധിച്ച വിശദാംശങ്ങൾ രേഖപ്പെടുത്തിയിരിക്കണമെന്ന വ്യവസ്ഥയും ചട്ടം 120-ബി (1)-ൽ പ്രതിപാദിക്കുന്നു. ഇവയും നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയങ്ങളിന്മേലുള്ള സുതാര്യത കൂട്ടുന്നതിന് സഹായകരമാകും. അംഗീകരിച്ച പ്ലാൻ / പെർമിറ്റിന്റെ അടിസ്ഥാനത്തിലാണോ നിർമ്മാണം നടക്കുന്നത് എന്ന് പൊതുജനങ്ങൾക്ക് അറിയുന്നതിനും കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ഈ വ്യവസ്ഥകൾ ഉപകരിക്കും |

| | | | |
|---|---|---|---|
| സി) | ആയത് കൃത്യമായി പാലിക്കപ്പെടുന്നുണ്ടോ എന്നറിയാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കാമോ ? | സി) | കേരളത്തിലെ കോർപ്പറേഷൻ-മുനിസിപ്പൽ പ്രദേശങ്ങളിൽ വൻതോതിൽ കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുമ്പോൾ അവയെക്കുറിച്ചുള്ള വിശദ വിവരങ്ങൾ ലഭിക്കാത്തതു കാരണം നിയമാനുസൃതമായ നിർമ്മാണ പ്രവർത്തനങ്ങളാണോ നടത്തുന്നതെന്ന് പൊതുജനങ്ങൾക്ക് അറിയുവാൻ കഴിയാതെ വരുന്നു. ഇക്കാര്യം പരിഹരിക്കുന്നതിനായി കെട്ടിട നിർമ്മാണം നടത്തുമ്പോൾ ഉടമസ്ഥൻ / ഡെവലപ്പർ ചെയ്തിരിക്കേണ്ടതും കോർപ്പറേഷൻ / മുനിസിപ്പാലിറ്റികൾ പരിശോധിച്ച് നടപ്പിൽ വരുത്തേണ്ടതുമായ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് 25-07-2012-ൽ ഒരു സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ടി നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നു എന്ന് ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ ഉറപ്പു വരുത്തേണ്ടതും നിർദ്ദേശം പാലിക്കാതെ നിർമ്മാണങ്ങളോ / ഭൂവികസനങ്ങളോ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ പ്രസ്തുത നിർമ്മാണം / ഭൂവികസനം ഉടനടി നിർത്തിവയ്ക്കുവാൻ നോട്ടീസ് നൽകേണ്ടതാണെന്നും പ്രസ്തുത സർക്കുലറിൽ നിഷ്ക്കർഷിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ